(ഇ) ഇക്കാര്യത്തിൽ എന്തൊക്കെ വിശദീകരണങ്ങളാണ് സംസ്ഥാന സർക്കാരിനുവേണ്ടി വിദഗ്ധസമിതിയിൽ നൽകിയത് ;

(എഫ്) ഇവിടെ വിദഗ്ധസമിതി നടത്തിയ പരിശോധന സംബന്ധിച്ച റിപ്പോർട്ട് കേന്ദ്ര ജലവിഭവ മന്ത്രാലയത്തിനു നൽകിയിട്ടുണ്ടോ ;

(ജി) എങ്കിൽ ഈ റിപ്പോർട്ടിലെ പ്രധാന നിഗമനങ്ങൾ എന്തൊക്കെയെന്നറിയിക്കുമോ ?

ഉത്തരം

(എ) ഉന്നതാധികാര സമിതിയുടെ നിർദ്ദേശാനുസരണം സെൻട്രൽ സോയിൽ മെറ്റീരിയൽസ് ആന്റ് റിസർച്ച് സ്റ്റേഷൻ (CSMRS), ഡൽഹി, സെൻട്രൽ വാട്ടർ പവർ റിസർച്ച് സ്റ്റേഷൻ (CWPRS), പൂനെ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ 5-1-2011 മുതൽ 7-1-2011-വരെ മുല്ലപ്പെരിയാർ ഡാം സന്ദർശിച്ച് പരിശോധന നടത്തി. മുല്ലപ്പെരിയാർ മെയിൻ ഡാം, ബേബി ഡാം, സ്പിൽവേ, ഗ്യാലറി എന്നിവിടങ്ങളിൽ സംഘം പ്രാഥമിക പരിശോധന നടത്തി. കൂടാതെ മുങ്ങൽ വിദഗ്ധരുടെ സഹായത്തോടെ ഡാമിന്റെ മുൻഭാഗത്ത് ജലത്തിനടിയിൽ റിമോട്ട് ഓപ്പറേറ്റഡ് വെഹിക്കിൾ ഇറക്കി പഠിക്കുവാൻ സാദ്ധ്യത പരിശോധിച്ചു. കോർ സാമ്പിൾ എടുക്കുന്നതിനായി ഡാമിന്റെ ഇടതുകരയിൽ മൂന്ന് സ്ഥാനങ്ങൾ അടയാളപ്പെടുത്തി. മധുരയ്ക്കടുത്തുള്ള ഒരു ലൈം ക്വാറിയും സന്ദർശിച്ചു.

(ബി) ഡോ. രാജ്ബാൽ സിംഗ്, ജോയിന്റ് ഡയറക്ടർ, CSMRS, ഡൽഹി, ശ്രീ. പങ്കജ്കുമാർ, ശ്രീ. അലക്സ് വർഗ്ഗീസ് എന്നീ CSMRS പ്രതിനിധികൾ, ശ്രീ. വി. ടി. ദേശായ്, സീനിയർ റിസർച്ച് ഓഫീസർ, എഞ്ചിനീയർ ശ്രീ. റിസ്വാൻ അലി എന്നീ CWPRS, പൂനെ പ്രതിനിധികളും സംഘത്തിലുണ്ടായിരുന്നു.

(സി) ബേബി ഡാമിൽ പ്രാഥമിക പരിശോധനമാത്രമേ നടത്തിയിട്ടുള്ളൂ.

(ഡി&ഇ) മുല്ലപ്പെരിയാർ ഡാം മെയിൻ ഡാമിലെന്നപോലെ ബേബിഡാമും കോൺക്രീറ്റ് ബാക്കിംഗ്കൊടുത്ത് ബലപ്പെടുത്താമെന്ന് തമിഴ്നാട് നിർദ്ദേശിച്ചു. ബേബിഡാമിന്റെ അസ്ഥിവാരം faults-ന്റെ സാന്നിദ്ധ്യത്താൽ ദുർബ്ബലമാണെന്ന കാരണത്താൽ ബേബിഡാമിനെ സ്പിൽവേ ആക്കി മാറ്റാനുള്ള പദ്ധതി നേരത്തെ ഉപേക്ഷിച്ചിരുന്നതിനാൽ കേരളം തമിഴ്നാടിന്റെ പദ്ധതിയോട് യോജിച്ചില്ല.

(എഫ്&ജി) ഇക്കാര്യങ്ങളെ സംബന്ധിച്ചുള്ള വിവരം ലഭ്യമല്ല.

കുട്ടനാട് വികസന പാക്കേജിന്റെ ഭാഗമായി ജലസേചന പദ്ധതികൾ

95 (545) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എം. മുരളി :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. ഡൊമനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കുട്ടനാട് വികസന പാക്കേജിന്റെ ഭാഗമായി പുതുതായി എത്ര കോടി രൂപയുടെ ജലസേചന പദ്ധതികൾക്ക് കേന്ദ്ര അംഗീകാരം ലഭിച്ചു എന്നറിയിക്കുമോ ;

(ബി) ഏതൊക്കെ പുനരുദ്ധാരണ പദ്ധതികളാണ് ഇതനുസരിച്ച് നടപ്പിലാക്കുക ;

(സി) കുട്ടനാട് പാക്കേജ് പ്രഖ്യാപിച്ചശേഷം ഇതുവരെ ആകെ എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത് എന്നറിയിക്കുമോ ;

(ഡി) ഈ സാമ്പത്തികവർഷാവസാനത്തോടെ ഈ പദ്ധതികളിൽ ഏതൊക്കെ ആരംഭിക്കാനാകുമെന്നറിയിക്കുമോ ;

(ഇ) ഈ സർക്കാരിന്റെ കാലാവധി പൂർത്തിയാകുംമുമ്പ് ആകെ എത്ര കോടി രൂപയുടെ പുനരുദ്ധാരണപദ്ധതികൾ കുട്ടനാട് പാക്കേജിന്റെ ഭാഗമായി നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കുട്ടനാട് വികസന പാക്കേജിന്റെ ഭാഗമായി ജലവിഭവ വകുപ്പിന്റെ കീഴിൽ 143.613 കോടി രൂപയുടെ Kel-I, Kel-II എന്നീ പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയ 231 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിവാരണ നിർമ്മാണ പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) കുട്ടനാട് പാക്കേജ് പ്രഖ്യാപിച്ചശേഷം ജലവിഭവ വകുപ്പിനുകീഴിൽ പദ്ധതികൾക്കായി ഇതുവരെ 143.613 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്.

(ഡി&ഇ) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള Kel-1, Kel-2 (143.613 കോടി രൂപ) എന്നിവയിൽപ്പെട്ട മിക്ക പ്രവർത്തികളും ആരംഭിച്ചുകഴിഞ്ഞു. കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട മറ്റ് പദ്ധതികൾക്ക് കേന്ദ്രാനുമതിലഭിച്ചാൽ മാത്രമേ ആ പദ്ധതികൾ നടപ്പിലാക്കാൻ കഴിയുകയുള്ളു.

കുട്ടനാട് പാക്കേജ്

96 (546) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കേണ്ട പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly